പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **4745** — **22.03.2018** ൽ മറുപടിക്ക്

## ക്വാറി ഉൽപന്നങ്ങളുടെ കുറവ് പരിഹരിക്കാൻ ഇറക്കുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ക്വാറി ഉൽപന്നങ്ങളായ കരിങ്കല്ല്, എം.സാന്റ്, പി.സാന്റ് എന്നിവയുടെ ലഭ്യതയിലുള്ള കുറവ് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;<br><br>(ബി) എങ്കിൽ ഇത് നിർമാണ മേഖലയിലുണ്ടാക്കുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) & (ബി) 02.12.2016 തീയതിയിലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ലഭ്യതക്കുറവ് നേരിടുകയും നേരിയ വില വർദ്ധന ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. തന്മൂലം സംസ്ഥാനത്തുണ്ടായ കെട്ടിട, റോഡ്, നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br>1. 5-ഹെക്ടറിനു താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതിയാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യേയും ജില്ലാതല അപഗ്രഥന സമിതി (DEAC) യേയും പ്രവർത്തനക്ഷമമാക്കി.<br>2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.<br>3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22.06.2017 ലെ സ.ഉ(പി) 25/2017/ഐ.ഡി നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുന:സ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ |

| | | |
|---|---|---|
| | | അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തിയിട്ടുമുണ്ട്.<br>4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>5. 09.03.2018 ൽ വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | കേരളത്തിൽ കരിങ്കല്ല് ഇറക്കുമതി ചെയ്യുന്നതിനുള്ള സന്നദ്ധത അറിയിച്ച് മലേഷ്യൻ കമ്പനി സർക്കാരിനെ സമീപിക്കുകയുണ്ടായോ; വ്യക്തമാക്കാമോ; | (സി) കേരളത്തിൽ കരിങ്കല്ല് ഇറക്കുമതി ചെയ്യുന്നതിനുള്ള സന്നദ്ധത ചില കമ്പനികൾ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | നേരത്തെ മണൽ ക്ഷാമം പരിഹരിക്കാൻ വിവിധ തുറമുഖങ്ങൾ വഴി വിദേശ മണൽ സംസ്ഥാനത്ത് എത്തിക്കുകയുണ്ടായോ; വെളിപ്പെടുത്തുമോ; | (ഡി) കേരളത്തിലേക്ക് ഈ സാമ്പത്തിക വർഷത്തിനു മുമ്പും മണൽ ഇറക്കുമതി ചെയ്തിരുന്നു. മണൽ ക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ നേരിട്ട് മണൽ ഇറക്കുമതി ചെയ്തിട്ടില്ല. എന്നാൽ സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും വിവിധ തുറമുഖങ്ങൾ വഴി വിദേശ മണൽ ഇറക്കുമതി ചെയ്തിരുന്നു. വിദേശത്തുനിന്നും കേരളത്തിൽ എത്തിച്ച മണൽ കേരളത്തിൽ സ്റ്റോക്ക് ചെയ്തു വില്പന നടത്തുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പ് അനുമതി നൽകുന്നുണ്ട്. ഈ സാമ്പത്തിക വർഷം 1,34,807 മെട്രിക് ടൺ മണലും മുൻ വർഷങ്ങളിൽ ആകെ 2,53,142 മെട്രിക് ടൺ മണലും ഇറക്കുമതി ചെയ്തിട്ടുണ്ട്. മലേഷ്യയിൽ നിന്നും കംബോഡിയയിൽ നിന്നുമാണ് മണൽ ഇറക്കുമതി ചെയ്തിട്ടുള്ളത്. |
| (ഇ) | എങ്കിൽ സമാന രീതിയിൽ കരിങ്കല്ല് ഇറക്കുമതി ചെയ്യുന്നതിന് തടസ്സമുണ്ടോ; വിശദവിവരം നൽകുമോ; | (ഇ) & (എഫ്) കരിങ്കല്ല് വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്നതിന് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമോ, 2015 ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരമോ തടസ്സമില്ല. ഇതിനായി നിലവിലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതില്ല. |
| (എഫ്) | എങ്കിൽ ഇതിനായി നിലവിലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടിവരുമോ; വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**